# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 022 - 22610835 ഫാക്സ് : 91 22 2266 0358

സെപ്തംബർ 13, 2017

**മുംബൈയിലെ (മഹാരാഷ്ട്ര) സൻമിത്ര സഹകാരി ബാങ്ക് മര്യാദിത്നെതിരെ 1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് (എഎസിഎസ്) സെക്ഷൻ 35A പ്രകാരമുള്ള നിയന്ത്രണ നിർദ്ദേശങ്ങൾ.**

മുംബൈയിലെ (മഹാരാഷ്ട്ര) സൻമിത്ര സഹകാരി ബാങ്ക് മര്യാദിതിനെ, 2016 ജൂൺ 14 ലെ ഉത്തരവനുസരിച്ച് 2016 ജൂൺ 14-ാം തീയതി ബിസിനസ്സ് അവസാനിച്ച സമയം മുതൽ നിയന്ത്രണ നിർദ്ദേശങ്ങൾക്കു വിധേയമാക്കിയിരുന്നു.

2016 ഡിസംബർ 7 ലെയും, 2017 ജൂൺ 8 ലെയും ഉത്തരവുകളനുസരിച്ച്, നിയന്ത്രണ നിർദ്ദേശങ്ങളുടെ കാലാവധി യഥാക്രമം ആറുമാസത്തേയ്ക്കും, മൂന്ന് മാസത്തേയ്ക്കും നീട്ടിയിരുന്നു. ഞങ്ങളുടെ 2017 സെപ്തംബർ 08 ലെ ഉത്തരവിൻപ്രകാരം 2016 ജൂൺ 16-ലെയും ഒപ്പം 2016 ഡിസംബർ 7 ലേയും, 2017 ജൂൺ 8 ലേയും നിയന്ത്രണ നിർദ്ദേശങ്ങളുട പ്രയോഗകാലാവധി 2017 സെപ്തംബർ 15 മുതൽ, 2018 മാർച്ച് 14 വരെ ആറുമാസക്കാലത്തേയ്ക്കു കൂടി, പുനരവലോകനത്തിനുവിധേയമായി, ദീർഘിപ്പിച്ചതായി പൊതുജനങ്ങളുട അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

മേല്പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളിലെമറ്റു നിബന്ധനകളും വ്യവസ്ഥകളും മാറ്റമില്ലാതെ തുടരും.

മുകളിൽ പറഞ്ഞിരിക്കുന്ന ഭേദഗതിയുൾപ്പെടുന്ന 2017 സെപ്തംബർ 8 ലെ ഉത്തരവിന്റെ ഒരു കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാനായി, ബാങ്കിന്റെ മന്ദിരത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

റിസർവ് ബാങ്കിന്റെ മേല്പറഞ്ഞ ഭേദഗതിയെ, സഹകരണ ബാങ്കിന്റെ സാമ്പത്തിക നിലയിൽ കാര്യമായ പുരോഗതി ഉണ്ടായതായി റിസർവ് ബാങ്കിന് തൃപ്തി തോന്നിയതിന്റെ ഫലമായുണ്ടായതാണെന്ന് കണക്കാക്കേണ്ടതില്ല.

**പ്രസ്സ് റിലീസ് 2017-2018/722** **അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ